എസ്.എൻ.എച്ച്. എസ്.എസ്.


ചിതറ



# മഷിത്തണ്ട്



DIGITAL MAGAZINE-23-24



**അവനവനാത്മ സുഖത്തിനാചരിക്കുന്നവ**

**അപരന് സുഖത്തിനായി വരേണം......**




# HEADMISTRESS

## P.DEEPA

# സന്ദേശം

ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മഷിത്തണ്ട് എന്ന പേരിൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്ന് അറിഞ്ഞതിൽ അതിയായ സന്തോഷം ഉണ്ട്.അതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും പിന്തുണ നൽകിയ അധ്യാപകർക്കും അഭിനന്ദനങ്ങൾ ....

വിവര സാങ്കേതിക വിദ്യയുടെ വിസ്ഫോടനം നടക്കുന്ന ഈ ആധുനിക കാലത്തു സർഗാത്മകതയുടെ ലോകത്തേക്കുള്ള ജാലകമാണ് ഇതുപോലെ ഉള്ള ഡിജിറ്റൽ മാഗസിനുകൾ ...


ഇനിയും ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ മികവുറ്റ പ്രവർത്തനങ്ങൾ കാഴ്ച വെക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു....

ഹെഡ്മിസ്ട്രസ്
പി. ദീപ

# കമ്പ്യൂട്ടറും ഇന്റർനെറ്റും നിത്യജവിതത്തിൽ

**ഉപന്യാസം**

**കമ്പ്യൂട്ടർ ഇല്ലാത്ത ലോകത്തിനെക്കുറിച്ചു ഇനി നമുക്ക് ആലോചിക്കുവാൻ പോലും പറ്റില്ല. നമ്മുടെ നിത്യജൂവിതവുമായി അത് അത്രമാത്രം ഇഴുകിച്ചേർന്നു കഴിഞ്ഞു. ഇന്നു മനുഷ്യന്റെ തലച്ചോറിന്റെഡ്യൂപ്ലിക്കേറ്റ് എന്ന സ്ഥാനം കമ്പ്യൂട്ടറിനു ലഭിച്ചിരിക്കുന്നു. കമ്പ്യൂട്ടറും ഇന്റർനെറ്റുംവരാത്ത ഒരു രംഗവും നമ്മുടെ നിത്യജീവിതത്തിൽ ഇല്ല. ആദ്യകാലത്ത് ശാസ്ത്ര ഗവേഷണത്തിനുംവാണിജ്യസംബന്ധമായകണക്കുകൂട്ടലുകൾക്കുമായികമ്പ്യൂട്ടർഉപയോഗിച്ചി രുന്നതെങ്കിൽഇന്ന്ബാങ്കുകൾ,വ്യവസായം,ഗതാഗതം,വാർത്താവിനിമയം,വിദ്യാഭ്യാസം,ബ ഹിരാകാശപര്യവേക്ഷണം, ആരോഗ്യപരിപാലനം, വിനോദം, തുടങ്ങിയ ജീവിതത്തിന്റെ സമസ്ത മേഖലകളിലും കമ്പ്യൂട്ടറിന്റെ സാനിധ്യം സജീവമാണ്.**




**MUHAMMED IJAS 9A**

# കുസൃതി ചോദ്യങ്ങൾ

1.ആരും ആഗ്രഹിക്കാത്ത പണം?
- ആരോപണം

2. വെള്ളത്തിൽ വീണാൽ നനയാത്ത വസ്തു?
- നിഴൽ

3. താമസിക്കാൻ പറ്റാത്ത വീട്?
- ചീവീട്

4. പത ഉണ്ടാവുന്ന 'പൂ' ഏതാണ്?
- ഷാംപൂ

5.പെണ്ണുങ്ങൾക്കിഷ്ടമുള്ള ഭരണം?
- ആഭരണം

6. വെട്ടും തോറും നീളം കൂടുന്നത് എന്തിനാണ്?
- വഴി

7.അടിക്കും തോറും ചെറുതാകുന്നതെന്താണ്?
- ആണി



GOWTHAMI C
8C

# കടങ്കഥകൾ

1.തീ ഉണ്ട് പക്ഷേ കത്തുക ഇല്ല
തീവണ്ടി
2.അടിയാടി അഴകെനെ പെറ്റു
നെല്ല്
3.ഞാൻ നോക്കിയാൽ എന്നെ നോക്കും
കണ്ണാടി
4.കണ്ടാൽ വണ്ടി തൊട്ടാൽ ചക്രം
തേരട്ട
5.വട്ടത്തിൽ ചവിട്ടുമ്പോൾ നീളത്തിൽ
സൈക്കിൾ
6.അമ്മയെ കുത്തി മകൻ മരിച്ചു
തീപ്പെട്ടി
7.ആരും ആടിക്കാത്ത മുറ്റം
ആകാശം
8.കറുത്ത പാറക്ക് വെളുത്ത പേര
ആന
9.തിന്നില്ല കുടിക്കില്ല തല്ലാതെ മിണ്ടില്ല
ചെണ്ട
10.വെളുത്ത സായിപ്പിന് കറുത്ത തൊപ്പി
തീപ്പെട്ടിക്കൊള്ളി

**ARYAJITH 9A**

# ചന്ദ്രയാൻ 3 മിഷൻ

ചന്ദ്രയാൻ –3 ദൗത്യം 2023 ജൂലൈ 14 ന് ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെൻ്ററിൽ (എസ്ഡിഎസ്സി) നിന്ന് പുറപ്പെട്ടു.

ഓഗസ്റ്റ് അഞ്ചിന് ദൗത്യം ചന്ദ്രൻ്റെ ഭ്രമണപഥത്തിൽ പ്രവേശിച്ചു.

ഓഗസ്റ്റ് 17–ന് ലാൻഡർ മൊഡ്യൂൾ പ്രൊപ്പൽഷൻ മൊഡ്യൂളിൽ നിന്ന് വേർപെട്ടു.



ഒന്നും രണ്ടും ഡീബൂസ്റ്റിംഗ് യഥാക്രമം ഓഗസ്റ്റ് 18, 20 തീയതികളിൽ നടന്നു.

പെരിലൂൺ (ചന്ദ്രനോട് ഏറ്റവും അടുത്തുള്ള സ്ഥലം) 30 കിലോമീറ്ററും ലാൻഡിംഗ് സൈറ്റിൽ നിന്ന് 100 കിലോമീറ്റർ അകലെയുമുള്ള (അപ്പോലൂൺ) ഭ്രമണപഥത്തിൽ പേടകത്തിൻ്റെ വേഗത കുറയ്ക്കുന്നതാണ് ഡീബൂസ്റ്റിംഗ്.

പേടകത്തിൻ്റെ ശരിയായ ലാൻഡിംഗിന് ഈ പ്രക്രിയ ആവശ്യമാണ്.

ഓഗസ്റ്റ് 23ന്ചന്ദ്രൻ്റെദക്ഷിണധ്രുവത്തിൽ 69.36 S നും 32.34 E നും (മാൻസിനസ് സിക്കും സിംപെലിയസ് എൻ ഗർത്തങ്ങൾക്കും ഇടയിൽ) ലാൻഡർ ഇറങ്ങി.

ആഗസ്റ്റ് 24 ന് റോവർ പ്രഗ്യാൻ അതിൻ്റെ പര്യവേക്ഷണം ആരംഭിച്ചു.

ആഗസ്റ്റ് 30 ന് പ്രഗ്യാൻ LIBS സാങ്കേതികതയിലൂടെ ചന്ദ്രനിൽ സൾഫറിൻ്റെ സാന്നിധ്യം സ്ഥിരീകരിച്ചു

മെറ്റീരിയൽ ഘടന വിശകലനം ചെയ്യുന്നതിനായി തീവ്രമായ ലേസർ പൾസുകൾ ഉപയോഗിക്കുന്ന ഒരു ശാസ്ത്രീയ രീതിയാണ് ലേസർ–ഇൻഡ്യൂസ്ഡ് ബ്രേക്ക്ഡൗൺ സ്പെക്ട്രോസ്കോപ്പി (LIBS).

# ഡീപ് ലേണിങ്

AL.AMEEN S
8A



ലഭ്യമായ ധാരാളം വിവരങ്ങളിൽ നിന്ന് ആഴത്തിലുള്ള അറിവ് നേടുകയും ആ അറിവുകൾ ഉപയോഗിച്ച് തീരുമാനങ്ങൾ എടുക്കുകയുമാണ് കൃത്രിമ ബുദ്ധിയുള്ള യന്ത്രങ്ങൾ ചെയ്യുന്നത് .ഈ രീതിയാണ് ഡീപ്പ് ലേണിങ്. കഴിഞ്ഞകാല സംഭവങ്ങളെ മുൻനിർത്തി വലിയ അളവിലുള്ള ഉദാഹരണങ്ങളിൽനിന്ന്പഠിക്കുക യുംഅവപുതിയ കാര്യങ്ങൾ

അറിയുന്നതിനായി നന്നായി

പ്രയോജനപ്പെടുത്തുകയുമാണ് ഡീപ്

ലേണിംഗ് വഴി ചെയ്യുന്നത്.

അനുഭവങ്ങളിലൂടെ ചിലതൊക്കെ പഠിക്കാൻ ഒരുപക്ഷേ യന്ത്രങ്ങൾക്കും സാധിച്ചേക്കും. പക്ഷേ ഒരിക്കലും മനുഷ്യരുടെ രീതിയിൽ ആയിരിക്കില്ല യന്ത്രങ്ങളുടെ അറിവ് ശേഖരണം.

# ഗണിതം മധുരം....

1.12 എന്ന സംഖ്യ 1 2 അക്കങ്ങളുടെ തുകയാണ്. ഒരു സംഖ്യയുടെ അക്കങ്ങളുടെ തുകയുടെ ഇരട്ടി അതേസംഖ്യ?

ഉ:18=9*2

2.1മുതൽ 100 വരെയുള്ള എണ്ണൽ സംഖ്യകളിൽ എത്ര പൂജയമുണ്ട്?

ഉ:11

3.3അക്കമുള്ള സംഖ്യയിൽ ഒരേ അക്കം ആവർത്തിക്കുന്ന എത്ര എണ്ണം സംഖ്യകൾ ഉണ്ട്?

ഉ:111/222/333/444/555/666/777/888/999

4.25എണ്ണം സംഖ്യയിൽ നിന്ന് 5 എത്ര തവണ കുറയ്കാം?

ഉ:1 തവണ

5. ഒഴുകുന്ന സംഖ്യ?

ഉ:6

6.ഒരു സമചതുരത്തിന്റെ നാലു മൂലകളിൽ നിന്ന് ഒരു മൂല മുറിച്ചുമാറ്റിയാൽ മൂലകൾ എത്ര?

ഉ :5

7. ഗുണിക്കുമ്പോൾ കൊലയാളി കൂട്ടുമ്പോൾ നിഷ്ക്രിയൻ?

ഉ:0

8. നൂറിൽനിന്ന് ഒന്ന് എത്ര തവണ കുറയ്ക്കാം?

ഉ:1

9.പത്തുപേർ പത്തുമിനിറ്റിൽ പത്തു മാങ്ങ പറിച്ചാൽ ഒരാൾ പത്തു മിനിറ്റിൽ എത്ര മാങ്ങ പറിക്കും?


ഉ:1

10. ഒന്നു മുതൽ 100 വരെ എത്ര 9 ഉണ്ട്?

ഉ:20

FARZANA 8B

# ആർട്ടിഫിഷ്യൽ ഇൻറലിജൻസിന്റെ പിതാവ്



ആർട്ടിഫിഷ്യൽ ഇൻറലിജൻസിന്റെ പിതാവായി അറിയപ്പെടുന്ന ശാസ്ത്രജ്ഞനാണ് പ്രൊഫസർ ജോൺ മക്കാർട്ടി റോബോട്ടുകൾ മനുഷ്യബുദ്ധി സാധ്യമാകും എന്ന ആശയം 1955 മുന്നോട്ടുവെച്ചത് ദേഹമാണ് വോയിസ് റെക്കഗ്നീഷൻ ടെക്നോളജി വഴിതെളിച്ച് ലിസ്റ്റ് പ്രോഗ്രാമിംഗ് ലാംഗ്വേജ് കണ്ടുപിടിച്ചത് ഒരു കമ്പ്യൂട്ടറുമായി അനേകം പേർക്ക് വിനിമയം നടത്താൻ സഹായിക്കുന്ന കമ്പ്യൂട്ടർ ടൈം ഷെയറിങ് എന്ന ആശയവും മക്കാർത്തി വികസിപ്പിച്ച കമ്പ്യൂട്ടർ സയൻസിലെ പരമോന്നത ബഹുമതിയായ എ എം ടൂറിങ് അവാർഡ് 1971ൽ മക്കാർത്തിക്ക് ലഭിച്ചു

AMRUTHA M
9B

# പ്രാവും തേനീച്ചയും

## കഥ

ഒരിടത്ത് ഒരു തേനിച്ചയുണ്ടായിരുന്നു. ആ തേനീച്ച വെള്ളം കുടിക്കാൻ വേണ്ടി പുഴയുടെ അടുത്ത് വന്നു.അപ്പോൾ ആ തേനിച്ചയുടെ കാൽ വഴുതി പുഴയിൽ വീണു. അപ്പോൾ പുഴയുടെ അടുത്തിരുന്ന പ്രാവ് അത് കണ്ടു. പെട്ടെന്ന് ആ പ്രാവ് മരത്തിലിരുന്ന ഒരു ഇല എടുത്ത് തേനീച്ചയുടെ അടുത്ത് ഇട്ടു. തേനീച്ച ആ ഇലയിൽ കയറി.ആ ഇല പ്രാവ് ചുണ്ടുകൊണ്ടു എടുത്ത് കരയിൽ വച്ചു. അപ്പോൾ ആ പ്രാവിനോട് തേനീച്ച നന്ദി പറഞ്ഞു പോയി. കുറച്ച് ദിവസം കഴിഞ്ഞ് ആ പ്രാവ് മരത്തിൽ ഇരുന്ന് ഉറങ്ങുകയായിരുന്നു. അപ്പോൾ അവിടെ ഒരു വികൃതി ചെറുക്കൻ വന്നു. ആ ചെറുക്കൻ ആ പ്രാവിന്റെ നേരെ കല്ല് എറിയാൻ നോക്കി. അതു കണ്ട തേനീച്ച ആ ചെറുക്കന്റെ കൈയിൽ ഒരു കുത്തു കൊടുത്തു. ആ ചെറുക്കൻ കരഞ്ഞു കൊണ്ട് ഓടി പോയി. ആ ചെറുക്കൻ കരച്ചിൽ കേട്ടപ്രാവ് അവിടെ നിന്നും പറന്നു പോയി.

ഈ കഥയുടെ ഗുണപാഠം നൻമ ചെയ്യ്താൽ അത് തന്നെ നമുക്ക് തിരിച്ച് കിട്ടും

അശ്വതി ആർ
8A

# കടുവയെ രക്ഷിച്ച മന്ത്രവാദിനി


ഒരിടത്ത് ഒരു കാട്ടിൽ ഒരു നല്ല കടുവ താമസിച്ചിരുന്നു അവൻ എല്ലാവരെയും ഏത് ആപത്തിൽ നിന്നും രക്ഷിക്കുമായിരുന്നു അവിടെയുള്ള എല്ലാ മൃഗങ്ങൾക്കും അവനെ വളരെ ഇഷ്ടമായിരുന്നു അങ്ങനെയിരിക്കെ ഒരു ദിവസം രണ്ട് വേട്ടക്കാർ അവിടെ എത്തി. അപ്പോൾ അവർ അവിടെ ഒരു കരടിയെ കണ്ടു അവർ കരടിയെ ആക്രമിച്ചു അത് കണ്ട് കടുവ ചാടി കരടിയെ തട്ടിമാറ്റി വേട്ടക്കാരുടെ വെടിയേറ്റത് കടുവക്കാണ്. കരടിയോട് കടുവ പറഞ്ഞു നീ വേഗം ഇവിടെ നിന്നും പൊക്കോ. ഇല്ലെങ്കിൽ അവർ നിന്നെയും ആക്രമിക്കും കരടി അത് കേട്ട് ഓടി രക്ഷപ്പെട്ടു ഇതെല്ലാം കണ്ടുകൊണ്ട് നിന്ന് ഒരു മന്ത്രവാദിനി പെട്ടെന്ന് കടുവയ്ക്ക് ശക്തി നൽകികടുവ ചാടി എണീറ്റിട്ട് അവരെ ആക്രമിച്ചു ആ വേട്ടക്കാർ ജീവനും കൊണ്ട് ഓടി. പിന്നെ അവർ ഒരിക്കലും ആ കാട്ടിലേക്ക് വന്നിട്ടേയില്ല. അതുകൊണ്ട് അവിടെ മൃഗങ്ങൾ സുഖമായി താമസിച്ചു.

ALFIYA S S
10A

# വർണലോകം.......











## ചിത്രങ്ങൾ



അഭിജിത്  R.D **10 D**
അനന്ത നാരായണൻ S **8B**
ആദിത്യൻ S R **10B**
അനുഷ ബൈജു **8A**

# FREEDOM FEST
















# ലിറ്റിൽ കൈറ്റ്സ് ക്യാമ്പ്









# സ്വാതന്ത്ര്യദിന ആഘോഷങ്ങൾ








# ശുചിത്വ സുന്ദര വിദ്യാലയം..



# ലഹരിക്കെതിരെ ഒറ്റക്കെട്ടായ്



# ഓണാഘോഷം







# പഠനോത്സവം










# സ്ക്കൂൾ വാർഷിക ആഘോഷങ്ങൾ







2024.02.13 18:25





# നന്ദി